## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.2973 — 07.12.2018 -ൽ മറുപടിക്ക്

### സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
| (എ) | സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് ഈ സർക്കാരിന്റെ കാലയളവിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിലേക്കായി 2016 മുതൽ 'കൈവല്യ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി പദ്ധതിക്ക് താഴെപ്പറയുന്ന നാല് ഘടകങ്ങൾ ഉണ്ട്.<br>I. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്<br>II. കപ്പാസിറ്റി ബിൽഡിംഗ്<br>III. മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി<br>IV. സ്വയം തൊഴിൽ വായ്പ പദ്ധതി<br>**I. വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്**<br>എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കും ഭിന്നശേഷിക്കാരായ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും കരിയർ ഗൈഡൻസ് ക്ലാസുകൾ, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, അവർക്കുള്ള സേവനങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ എന്നിവ ഈ ഘടക പദ്ധതി പ്രകാരം ലഭ്യമാക്കുന്നു. സ്പെഷ്യൽ സ്കൂളുകൾ, ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണവും ഇക്കാര്യത്തിൽ ലഭ്യമാക്കുന്നു.<br>**II. കപ്പാസിറ്റി ബിൽഡിംഗ്**<br>ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, സംരംഭകത്വ വികസന പരിശീലനം എന്നിവ നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് താല്പര്യമുള്ള മേഖലകളിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം പരിശീലനം നൽകുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സംരംഭകത്വ വികസന പരിശീലനം |

നൽകുന്നു. ബാങ്കുകളുടെ നേതൃത്വത്തിലുള്ള RSETI (Rural Self Employment Training Institute), എംപ്ലോയബിലിറ്റി സെന്റർ, VRC (Vocational Rehabilitation Centre) തുടങ്ങി, ഈ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങളുമായി ഇക്കാര്യത്തിൽ സഹകരിക്കുന്നതാണ്.

## III. മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി

സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനും മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും സഹായിക്കുന്നു. മൽസര പരീക്ഷകൾക്ക് അപേക്ഷിക്കുന്നത് മുതൽ ലക്ഷ്യത്തിലെത്തുന്നത് വരെയുള്ള തുടർ പരിശീലനമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉദ്യോഗാർത്ഥികളെ അനുയോജ്യമായ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുകയും അവരെ അപേക്ഷ അയക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ സഹായിക്കുകയും ചെയ്യുന്നു. പരീക്ഷകളുടെ തൊട്ടടുത്ത ദിവസങ്ങളിൽ തീവ്രപരിശീലനവും നൽകുന്നു.

## IV. സ്വയം തൊഴിൽ വായ്പ പദ്ധതി

സ്വയം തൊഴിൽ സംരംഭങ്ങൾക്കായി പലിശരഹിത വായ്പ നൽകുന്നതാണ്. 21-നും 55-നും മദ്ധ്യേ പ്രായമുള്ള കേരളത്തിലെ ഏതെങ്കിലും എംപ്ലോയ് മെന്റ് എക് സ് ചേഞ്ചിൽ രജിസ് ട്രേഷൻ നിലവിലുള്ളവർക്ക് അപേക്ഷിക്കാം. കുടുംബവാർഷികവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപ വരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്ന പക്ഷം 1 ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്. വായ്പത്തുകയുടെ 50 ശതമാനം പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്. സംരംഭം സ്വന്തമായി നടത്താൻ കഴിയാത്തത്ര അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി (മാതാവ്/പിതാവ്/ഭർത്താവ്/ഭാര്യ/ മകൻ/

| | | | |
|---|---|---|---|
| | | | മകൾ തുടങ്ങിയ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്. ഈ ചട്ടങ്ങൾക്കനുസരിച്ച് ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിതവേതനം ലഭിക്കുന്നതല്ല. ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ സ്ഥിരം ഒഴിവുകൾക്കും സംരംഭം നന്നായി തുടർന്ന് പോകുമെന്ന ഉറപ്പിന്മേൽ താൽക്കാലിക ഒഴിവുകൾക്കും പരിഗണിക്കുന്നതാണ്. വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നല്കുന്നതെങ്കിലും പ്രയോഗികമാവുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്.<br>കൈവല്യ പദ്ധതിക്കായി, 2016-17, 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 1,68,01,000, 1,00,00,000, 1,10,00,000 രൂപയും സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ടി തുക സ്വയം തൊഴിൽ പദ്ധതിക്കായി, പലിശരഹിത വായ്പ നൽകുന്നതിനും മറ്റ് ഘടക പദ്ധതികൾക്കുമായി ചെലവഴിച്ചിട്ടുണ്ട്.<br>2017 ൽ, ലോക ഭിന്നശേഷി ദിനാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് മാത്രമായി 'അതിജീവനം' എന്ന പേരിൽ ഒരു തൊഴിൽമേള സംഘടിപ്പിക്കുകയുണ്ടായി. ടി തൊഴിൽമേളയിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ടി ക്യാമ്പ് രജിസ് ട്രേഷൻ, കൈവല്യ സ്വയം തൊഴിൽ പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഉത്പന്നങ്ങളുടെ പ്രദർശന വിപണന മേള എന്നിവയും സംഘടിപ്പിച്ചിരുന്നു. ഓണം, ക്രിസ്തുമസ് ഉത്സവങ്ങളോടനുബന്ധിച്ച് 'ഉണർവ്വ്' എന്ന പേരിൽ നടത്തിയ സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ പ്രദർശന വിപണന മേളയിൽ കൈവല്യ സ്വയം തൊഴിൽ പദ്ധതിയിലെ ഗുണഭോക്താക്കളും പങ്കെടുത്തു. |
| (ബി) | സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി രജിസ്ട്രേഷൻ ചെയ്തിട്ടുള്ളവർക്ക് നിയമനങ്ങളിൽ എന്തൊക്കെ മുൻഗണനയാണ് നൽകിവരുന്നത് എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ബി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള താത്കാലിക നിയമനങ്ങളിൽ, കാഴ്ച വൈകല്യം, ശ്രവണ വൈകല്യം എന്നീ വിഭാഗങ്ങളിൽപെട്ട ഭിന്നശേഷിക്കാർക്ക് പതിനഞ്ച് വർഷത്തെ വയസ്സിളവും മറ്റു വിഭാഗങ്ങളിൽ പെട്ടവർക്ക് പത്ത് വർഷത്തെ വയസ്സിളവും നൽകുന്നു. എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന എല്ലാ താത്കാലിക ഒഴിവുകളിലും പാർട്ട് ടൈം |

| | | | |
|---|---|---|---|
| | | | സ്ഥിരം ഒഴിവുകളിലും അധികമായി ഒരു ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥിയെ കൂടി നാമനിർദ്ദേശം ചെയ്യുന്നു. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് പരിഗണിക്കുമ്പോൾ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ മുൻഗണനാ വിഭാഗത്തിലും മുൻഗണനയില്ലാത്ത വിഭാഗത്തിലും ഉൾപ്പെടുത്തി നാമനിർദ്ദേശം ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ